# ധ്വനി

## വിദ്യാലയത്തിന്റെ ശബ്ദം



**ഡിജിറ്റൽ മാഗസിൻ 2024 - 25**

**മഞ്ഞളാംപുറം യു പി സ്കൂൾ, കേളകം**

**DWANI**

Digital Magazine 2024-25

Address:

**Manhalampuram UP School**

**Kelakam P O**

**Kelakam**

**Kannur Dist. 670674**

Manager:

**Fr. George Chelamaram**

Pages: 42



## സന്ദേശം

ഈ പ്രദേശത്തിന്റെ വിദ്യാജ്യോതിസ് മഞ്ഞളാംപുറം യു പി സ്കൂൾ, കേളകം അതിന്റെ സർവ്വപ്രതാപത്തോടു കൂടി ശിരസുയർത്തി നിൽക്കുന്നു. ഇന്നും അഭിമാനത്തോടെ, പഠനപ്രവർത്തനത്തോടൊപ്പം കുട്ടികളിലെ വിവിധങ്ങളായ കഴിവുകളെ പരിപോഷിപ്പിക്കുന്നതിനും പ്രത്യേക പരിഗണന അർഹിക്കുന്നവരെ സഹായിക്കുന്നതിനും സ്കൂളിന്റെയും വിദ്യാർത്ഥികളുടെയും സർവോത്മക വികസനത്തിന് കയ്യും മെയ്യും മറന്ന് പ്രവർത്തിക്കുന്ന ശക്തരായ ഒരു കൂട്ടായ്മയുടെ പ്രവർത്തന കരുത്ത് ഈ വിദ്യാലയത്തിൽ കാണാൻ സാധിക്കും. പൊതു വിദ്യാലയത്തെ അറിയുകയും അതിന് പര്യാപ്തമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയും ചെയ്തു മുന്നേറുകയാണ് ഞങ്ങൾ. ഇതിന് ജനകീയമായി ലഭിക്കുന്ന പ്രോത്സാഹനം ഏറെ അഭിമാനകരമാകുന്നു. വലുതായി ചിന്തിച്ച് ധീരമായി മുന്നേറുന്ന മഞ്ഞളാംപുറം യുപി സ്കൂളിലെ കൊച്ചു മിടുക്കന്മാരുടെയും മിടുക്കികളുടെയും കലാ വാസനകളിൽ നിന്ന് നെയ്തെടുത്ത ഈ സൃഷ്ടിയിലേക്ക് കടന്നു ചെല്ലാം.

**റോസമ്മ പി ഡി**

ഹെഡ്മിസ്ട്രസ്

## Editorial Board



**Akhil Antony**
Staff Editor



**Sr. Smitha Thresiamma**
Joint Editor



**Elsin Chacko**
Student Editor



**Elna Sunil**
Joint Editor

# താളുകൾ മറിക്കുമ്പോൾ...


കയ്പ വള്ളി ........................................................................ 3

തോരാമഴ ........................................................................ 5

ഒരു ജനതയുടെ അതിജീവനം ................................................... 7

കൊഴിഞ്ഞുപോകും നിമിഷം........................................................ 9

പ്രിയപ്പെട്ട കുരീപ്പുഴ ശ്രീകുമാർ സാറിന് ................................ 11

സൂര്യൻ ........................................................................ 13

SURPRISE ........................................................................ 15

യാത്ര ........................................................................ 20

വിടരാത്ത പൂക്കൾ ........................................................ 22

അച്ഛനോടൊപ്പം ........................................................................ 24

എന്റെ ഒന്നാം ക്ലാസിലെ പഠന യാത്ര ..................................... 29

ഒരു വിഷുദിനത്തിൽ ........................................................ 32

പ്രകൃതിയുടെ നന്മ ........................................................ 34

കടൽ ........................................................................ 36

കുട്ടുവിന്റെ ശത്രു ........................................................................ 38

പരിസ്ഥിതി സംരക്ഷണം: നമ്മുടെ ഭാവി തലമുറയ്ക്കായി ...... 39

<u>സംഭാഷണം</u>

# കയ്പ വള്ളി

**കയ്പ വള്ളി** : ദേയ് എനിക്ക് മുകളിലോട്ട് കയറണം,പന്തലിട്ടു തരണം,പൂക്കണം, കായ്ക്കണം.

**അച്ഛൻ**: ഞാൻ നിനക്കൊരു താങ്ങുകമ്പ് കുത്തി തരാം. അതു മതിയോ?

**കയ്പവള്ളി** : ഇപ്പോൾ അതുമതി പിന്നീട് നല്ല പന്തലിട്ട് തരണം.

**അച്ഛൻ** : അങ്ങനെ ചെയ്യാം.

(കുറച്ചു ദിവസങ്ങൾക്ക് ശേഷം)

**കയ്പവള്ളി** : അതെ ഇഷ്ടം കമ്പ് കുത്തി തന്നിട്ട് പോരാതെയായി.

**അച്ഛൻ** : അതെന്താ?

**കയ്പ വള്ളി** : ഇപ്പോൾ ഞാൻ കുറച്ചുകൂടി വളർന്നു. അതുകൊണ്ട് കമ്പ് ചെറുതായി.

**അച്ഛൻ** : മിടുക്കി കമ്പ് മതിയാവുന്നില്ല അല്ലേ നിനക്ക്? ഇനി സുഖമായി കയറി കിടക്കാൻ ഞാൻ പന്തൽ കെട്ടിത്തരാം.

**കയ്പവള്ളി**: കളിയാക്കണ്ട ഇനി കായും ചോദിച്ചു കൊണ്ട് വരുമല്ലോ. ശരിയാക്കിത്തരാം ഞാൻ.

**അച്ഛൻ** : അങ്ങനെ പിണങ്ങല്ലേ ഞാൻ പന്തലിട്ടു തന്നേക്കാം.

**കയ്പവള്ളി** : ശരി, എന്നാൽ കുഴപ്പമൊന്നുമില്ല ഞാൻ കുറെ കായ്കൾ തരാം.

**അച്ഛൻ** : ഏയ്! കാര്യം സാധിച്ചു കിട്ടിയാൽ നി വിധം മാറുമോ?

**കയ്പള്ളി** : ഏയ് അതൊന്നുമില്ല. പക്ഷേ പന്തൽ വേണം.

**അച്ഛൻ** : ശരി പന്തൽ ഇട്ടു തരാം.

**കയ്പവള്ളി** : എന്നാൽ ശരി എനിക്ക് എതിർപ്പില്ല.

**അച്ഛൻ** : ഹ ഹ.... ഹ ഹ



**സാനിയ സുരേഷ് (V B)**



**Ebin Mary (VI B)**



**Alamkritha T (IV C)**

**കഥ**

# തോരാമഴ

കുന്നുകളും മലകളും തോടുകളും നിറഞ്ഞ വർണ്ണമനോഹരമായ മല എന്ന കൊച്ചു ഗ്രാമത്തിലാണ് കുഞ്ഞ് ലയക്കുട്ടി താമസിച്ചിരുന്നത്. അവൾ അവിടെ ഓടിയും ചാടിയും കുസൃതി കാണിച്ചും പുല്ലിനോടും പൂമ്പാറ്റയോടും കൂട്ടുകൂടി ആസ്വദിച്ച് നടന്നു.അവൾക്ക് ഏറ്റവും ഇഷ്ടം മഴയിൽ കളിക്കാൻ ആയിരുന്നു. വലിയ വേനൽ അവധിക്ക് അവൾ ആശിച്ചു മഴ പെയ്തിരുന്നു എങ്കിൽ കൂട്ടുകാരുടെയും അനിയന്റെയും കൂടെ മഴയത്ത് ഓടികളിക്കാമായിരുന്നു.അവൾ അങ്ങനെ മഴ സ്വപ്നം കണ്ട് തുള്ളിച്ചാടി നടന്നു. അവൾക്ക് കൂട്ടിന് ഒരു പഞ്ചവർണ്ണക്കിളിയും ഉണ്ടായിരുന്നു. എന്നും വൈകുന്നേരം അവളും പഞ്ചവർണ്ണക്കിളിയും നടക്കാൻ പോകും എന്നിട്ട് അവർ കുന്നും മലകളും താണ്ടി വെള്ളച്ചാട്ടത്തിൽ ചാടി കളിച്ച് ആസ്വദിക്കും. ഒരു മഴ പെയ്യാനായി കൊതിക്കും. അവളുടെ ആഹ്ലാദം കണ്ട് മലകളും പുഴകളും കുന്നുകളും അസൂയ പൂണ്ടു.

അങ്ങനെ കാത്തിരുന്ന് കാത്തിരുന്നു മഴയുടെ വരവെത്തി.അവളും അനിയനും കൂടെ കൊച്ചു കടലാസ് വള്ളങ്ങൾ ഉണ്ടാക്കി വെച്ചു.മുറ്റത്ത് വള്ളം ഇറക്കാൻ ആദ്യം പെയ്ത പൊടി മഴയിൽ അമ്മയെ പേടിച്ച് പേരിന് ഒരു പുള്ളി കുടയും ചൂടി മുറ്റത്തിലൂടെ തുള്ളി ചാടി നടന്നു. അവളുടെ കൂട്ടുകാരി പഞ്ചവർണ്ണക്കിളി നനയാതെ അവളുടെ കൂട്ടിലേക്ക് പറന്നു പോയി. ലയക്കുട്ടി കൂട്ടുകാരെയൊക്കെ ഫോൺ വിളിച്ച് മഴയത്ത് കളിക്കാനുള്ള തയ്യാറെടുപ്പുകൾ നടത്തി.പെട്ടെന്നാണ് ചെറുതായി പെയ്ത മഴ ശക്തമായി മാറാൻ തുടങ്ങി.അവൾക്ക് കളിക്കാൻ പറ്റാത്ത വിധം വലിയ മഴ ആയിരുന്നു എന്നാലും അവൾ ആസ്വദിച്ചു രണ്ടുദിവസം കഴിയുമ്പോൾ മഴ കുറവുമായിരിക്കും അപ്പോൾ കളിക്കാലോ മനസ്സിലെ നിരാശ മറച്ചു വെച്ച് മഴയിൽ കളിക്കുന്നതും സ്വപ്നം കണ്ട് അവൾ കിടന്നു പക്ഷേ അന്ന്. രാത്രിയിൽ അവൾ സ്നേഹിച്ച അവളുടെ മഴ വളരെ ശക്തമായി പെയ്തു പുഴ കരകവിഞ്ഞൊഴുകി. മലകൾക്ക് മഴയെ താങ്ങാൻ പറ്റാതെയായി. ഇതൊന്നുമറിയാതെ കുഞ്ഞു ലയ ഉറങ്ങിപ്പോയി.പെട്ടെന്ന് അവൾ ഉറക്കത്തിൽ നിന്ന് ഞെട്ടി എണീറ്റു. പക്ഷേ അവളാകെ ചെളിയിൽ പൊതിഞ്ഞിരുന്നു. ആരൊക്കെയോ അവളെ രക്ഷപ്പെടുത്തി. അവളുടെ കുഞ്ഞനിയനെയും അച്ഛനെയും അമ്മയെയും പിന്നീട് അവൾ കണ്ടില്ല.വലിയ ചേട്ടൻമാർ പറയുന്നത് അവൾ കേട്ടു. അവൾ സ്നേഹിച്ച അവളുടെ വെള്ളാർ മലയിൽ ഉരുൾപൊട്ടി അവൾക്ക് അവളുടെ നാട് മുഴുവൻ ഒഴുകിപ്പോയി കുഞ്ഞുമനസ്സിന് സങ്കടം പിടിക്കാൻ ആയില്ല അവൾ പൊട്ടിക്കരഞ്ഞു. അവൾക്കിപ്പോ മഴയെ പേടിയാണ്. അവൾ ഇഷ്ടപ്പെട്ട അവളുടെ മഴ അച്ഛനെയും അമ്മയെയും എല്ലാം കൊണ്ടുപോയി. അവൾക്ക് കാണാൻ പറ്റാത്ത ഇടത്തേക്ക്. മഴയെ സ്നേഹിച്ച കുഞ്ഞു ലയ ഒറ്റയ്ക്കായി.....

**എറിക് ജോണിറ്റ് (VI D)**



Sivaranjini V S (IV C)

**വീക്ഷണം**



# ഒരു ജനതയുടെ അതിജീവനം

ശാന്ത സുന്ദരവും അതിമനോഹരവുമായ ഒരു നാട്. കേരനിരകളും മലകളും പുഴകളും പുൽമേടുകളും പച്ചവിരിച്ച പാഠങ്ങളും വാഴത്തോപ്പുകളും നിറഞ്ഞ നാട്. ആ കാഴ്ചകൾ നമുക്ക് സന്തോഷവും ഉന്മേഷവും നൽകുന്നു. സന്തോഷത്തോടെ കഴിഞ്ഞിരുന്ന ആ മനുഷ്യരുടെ ഇടയിലേക്ക് ഭീതി പടർത്തിക്കൊണ്ട് ഒരു പകർച്ചവ്യാധി കടന്നു വന്നു. പനി ചുമ ശ്വാസംമുട്ടലും തുടങ്ങിയവയായിരുന്നു ഈ രോഗത്തിന്റെ ലക്ഷണങ്ങൾ. ഈ രോഗം വളരെ പെട്ടെന്ന് എല്ലാവരിലേക്കും വ്യാപിച്ചു. എന്താണ് സംഭവിക്കുന്നത് എന്നറിയാതെ ജനങ്ങൾ എല്ലാം ഭയചകിതരായി. ആരോഗ്യവകുപ്പ് ഈ രോഗത്തിനെതിരായി മുൻകരുതലും നിർദ്ദേശവും നൽകി. ആരോഗ്യരംഗത്തെ നൂതന സാങ്കേതിക സംവിധാനത്തിലൂടെ വാക്സിൻ നിർമ്മിച്ചു. എല്ലാ മനുഷ്യന്മാരും വാക്സിൻ സ്വീകരിച്ചു. ഒപ്പം ആളുകൾ മാസ്ക് ധരിക്കുകയും. സാനിറ്റൈസറും സോപ്പും ഈ രോഗത്തെ തുരത്തി. എല്ലാ മനുഷ്യരും ഒത്തൊരുമയോടെയും ഈ രോഗത്തിനെതിരെ പോരാടി. ആ നാട്ടിൽ വീണ്ടും സന്തോഷത്തിന്റെയും സമാധാനത്തിന്റെയും നാളുകൾ തിരിച്ചുവന്നു. ഏതൊരു പ്രതിസന്ധിയിലും നമ്മളെല്ലാം ഒറ്റക്കെട്ടായി നിന്നാൽ ഏതു ദുരന്തത്തെയും അതിജീവിക്കാൻ നമുക്ക് സാധിക്കും.

**ദിയ മരിയ (VI C)**




**Biyon Basil ( VI B)**

**കവിത**

# കൊഴിഞ്ഞുപോകും നിമിഷം

തീരുന്നിതാ എന്റെ സ്നേഹഭാഗ്യം.
സ്വപ്നമാകുന്നു പോയ കാലം
വീശുന്ന കാറ്റിലാ നിമിഷം എന്റെ
കണ്ണിലെ നീർത്തുള്ളി ചാടി
ചാരമായി ഓർമ്മകൾ.

കത്തിയെരിയുന്ന സന്തോഷം
ചാരമാകുന്ന നിമിഷം
കാറ്റിൽ പാറിപ്പറക്കാൻ പോകുന്ന നിമിഷം
തീരുന്നിതാ എന്റെ സ്നേഹഭാഗ്യം.

അന്നോളം ഇന്നോളം പാഠം പഠിപ്പിച്ചും സ്നേഹം പുലർത്തി ച്ചും
നന്മയെ കാണിച്ചും ഗുരുവിന്റെ സ്നേഹം തീരുന്നിതാ
ഈ നിമിഷം.

അഗ്നേഷ് കെ എ (VII B)




**Edwin C A (IV B)**



**Angel Mariya Joshy (VII B)**



## കത്ത്

പ്രിയപ്പെട്ട കുരീപ്പുഴ ശ്രീകുമാർ സാറിന്,

ഞാൻ ഏഴാം ക്ലാസിൽ പഠിക്കുന്ന വിദ്യാർത്ഥിനിയാണ്. ഞങ്ങളുടെ അടിസ്ഥാന പാഠാവലിയുടെ പുസ്തകത്തിൽ താങ്കൾ എഴുതിയ ഫാത്തിമത്തുരുത്ത് എന്ന കവിത ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ കവിത വായിച്ചപ്പോൾ ഞങ്ങൾക്കും അവിടെ പോകണമെന്നും അവിടുത്തെ പായൽ മാലയണിഞ്ഞ കൊപ്ളി മീനിനെയും, രാത്രി വഞ്ചിയിലിരുന്ന് അതിമനോഹരമായ നിലാവ് കാണുകയും, പൂക്കളോട് പൂക്കളെ തിരക്കുകയും ചെയ്യണമെന്ന് ഞങ്ങളിലും ഒരാഗ്രഹം ഉണർന്നു. രോഗബാധിതരെ കണ്ട് അവരെ സമാധാനിപ്പിക്കണം. അവിടെയുള്ള മനുഷ്യരുടെ ഒത്തൊരുമയും സ്നേഹം കൊണ്ട് ഫാത്തിമത്തുരുത്ത് ഒരു സ്നേഹ സൗഹൃദത്തുരുത്തായി മാറുന്നു. ഈ സ്നേഹത്തുരുത്തിന്റെ ഒരനുഭവ വാതിൽ തുറന്നു തന്നതിൽ താങ്കളോട് ഞാൻ നന്ദി പറയുന്നു

എന്ന് സ്നേഹപൂർവ്വം

ആൻസ്റ്റീന മരിയ ജിജോ (VII B)



**Anmary Shyn (III B)**



**Alamkritha T (IV C)**

**<u>കവിത</u>**

# സൂര്യൻ

കത്തിജ്വലിക്കുന്ന തീനാളമേ
നിൻ പ്രകാശത്തിൽ നാം അറിയുന്ന ഭൂമിയെ.

നിൻ ശോഭയിൽ തിളങ്ങുന്നു
പൂക്കളും പുഴകളും പുൽനാമ്പുകളും.

നിൻ വെളിച്ചം നൽകുന്നു ഭൂമിയിൽ
ജീവന്റെ തുടിപ്പുകൾ.

അരുണകിരണമേ തിളങ്ങട്ടെ
നിന്റെ ശോഭ നാൾക്കുനാൾ.



**ആഞ്ജലിൻ മരിയ (VII B)**



Parvanendhu Binu (VI C)



George Thomas (VI C)

**Story**

# SURPRISE..!

Two weeks... and it's my birthday...!!. I can't wait for my birthday.My birthday is on 15th of December. My suspicion is that my mom 'Nia', my dad 'John' and aunt 'Jianna' are planning a surprise birthday party.

"Dou you know how I know?.."

Under the sink there is a new box!!!.. full of birthday party stuff,like packs of balloons and pops. And aunt Jianna has been acting weird.

Oh my God, I forgot to introduce myself. "Hii I'm April and I am turning 9 in two weeks."

I had already told you that the first way I thought they were hiding something.Second reason, when I was not in the room they were talking abuot something secretly and when I came in, they acted like nothing happened.




So, they have to be hiding something "right?"

May be I'll play along with it.

Update time!!

So one more day for my birthday.....

The past few days I've been observing them.

Last night I told them about my birthday and I wanted a three layer strawberry fudge, milk chocolate drisseled cake and milk chocolate on top, and a writing in pink displaying ""Happy birthday April ""..

My mom said that she was not getting a cake and they would buy it some other day. Dad and aunt agreed.

I pretended to be angry and said that "why don't you buy what I want, now it's like you don't love me any more, and don't give me any attention!!."

Mom got mad and told me to go to my room. I pretended to storm off.

I went up the stairs and hid behind the wall next to my room.

I heared them saying that they felt bad shouting at me.

Then they started talking about the surprise party. Then after I over heared that in my mind I was like "I knew it".

I jumped in to my bed and slept happily.

When I woke up in the morning, I was really good mood. After brushing I jumped down the stairs. When I got down they all said "Good morning ".

I replied good morning as well, but no happy birthday from anyone...!

That's okay, I can manage it. It's just a happy 'Birthday right?.'

And like that the day goes by.

When I went to my room, to take a bath, there was

nothing on my bed....

But after taking the bath, there was a beautiful dress on my bed..!!!. It was stunning...!

When I came down, everyone was out there and it was all PINK..!!!!.

Oh!when I mean pink, I mean pink, and even the cake was the one I wanted!!!.

I came down they all said..... ""SURPRISE.....""

Thankyou aunt Jianna, Dad, Mom and all who came to the party....!

"See you all"

**Irin Theresa (V B)**






**Akash Rajesh (V A)**

## കടങ്കഥകൾ

1. ഇല നുള്ളി കുഴിച്ചിട്ടു കുഴി നിറയെ മുട്ടയിട്ടു. (കൂർക്ക)
2. ഉടുതു തുണിയില്ലാത്തവൻ കുട ചൂടി നിൽക്കുന്നു (കൂൺ)
3. ആയിരം വള്ളി (തലമുടി)
4. ഇത്തിരി മുറ്റത്തു അഞ്ച് കാവൽക്കാർ (കൈവിരൽ)
5. എല്ലാം തിന്നും എല്ലാം ദഹിക്കും വെള്ളം കുടിച്ചാൽ ചത്തുപോകും (തീ)
6. ഒരമ്മ എന്നും വെന്തും നിറിയും (അടുപ്പ്)
7. ഒരാളെയേറ്റാൻ നാലാളു (കട്ടിൽ)
8. കണ്ണോളം വെള്ളമുണ്ട് മുങ്ങിക്കുളിക്കാൻ വെള്ളമില്ല (കരിക്ക്)



**ആൻ തെരെസ് (IV C)**



**John Joseph (III B)**



**Blessvin T Binoy (III B)**

**<u>കവിത</u>**

# യാത്ര

യാത്രകളിൽ ഞാൻ പൂമ്പാറ്റ ആയിടും
പറവകളെപ്പോലെ പറന്നിടും
കണ്ണിന് കുളിർമയേകും
കാഴ്ചകൾ കണ്ടു ഞാൻ പറ പറന്നിടും.
യാനവീഥികളെ എൻ ഹൃത്ത് ആനന്ദ തരളിതമാകുന്നു.
കാഴ്ചകൾ കണ്ടു എൻ മനം നിറഞ്ഞു തുളുമ്പിടുന്നു.

*അനാമിക (V C)*





Ann Mary Shyn (III A)



Annsneya Elizabath (IV B)

**കവിത**

# വിടരാത്ത പൂക്കൾ

വിടരാത്ത പൂക്കൾക്ക് ചന്തമുണ്ടോ
വിടരാത്ത സ്നേഹത്തിൻ അർത്ഥമുണ്ടോ
മഴയത്തു നനയുന്ന സ്നേഹമെൻ
വാതിൽക്കൽ കത കന്നു തുറക്കുവാൻ കാത്തിരുന്നു.
അറിയാത്ത സ്നേഹങ്ങൾ നൊമ്പരമാകുമ്പോൾ തളരില്ല

തളരാൻ കഴിയുന്നില്ല
ചിലരുടെ സ്നേഹങ്ങൾ പതിയും ഹൃദയത്തിൽ

ദു:ഖത്തിൽ കയറാൻ ഇടവുമില്ല
ഇനി ഈ ഭൂവിൽ സ്നേഹമില്ലെന്ന് ഓർത്തു പോകുമ്പോൾ

ദു:ഖം എന്നുള്ളിൽ ഇരുട്ടുപാകി
ഇനിയുള്ള തലമുറ കണ്ടുപഠിക്കുവാൻ
എന്തുണ്ട് എന്തുണ്ട് പാരിടത്തിൽ.

**എൽന സുനിൽ (VII B)**



**Abinav Varghese (VI C)**



**Anviya Shineesh (VI C)**

**കഥ**

# അച്ഛനോടൊപ്പം

'അമ്മൂ.. അമ്മൂ.' അമ്മ ആഞ്ഞു വിളിച്ചു.

ആ...എന്താ..

ടിവി കാണാതെ പോയിരുന്ന് രണ്ട ക്ഷരം വായിക്ക്.

' അമ്മേ അച്ചനേന്ത്യേ '?

ആ ഷാപ്പിൽ ഉണ്ടാകും. ഏതുനേരവും കള്ളും കുടിച്ച് നടക്കും.

എത്ര കള്ളു കുടിച്ചു നടക്കുമെങ്കിലും വീട്ടുകാരെ നന്നായി നോക്കുന്ന ഒരാളായിരുന്നു സുഗുണൻ എന്ന അമ്മുവിന്റെ അച്ഛൻ.

അപ്പോഴാണ് അച്ഛൻ വന്നത്.

ഞാൻ പറഞ്ഞ സാധനമെന്ത്യേ ? അമ്മു ചോദിച്ചു.

നീ കണ്ണടയ്ക്ക് ഞാനൊരു മാജിക് ചെയ്യാം.അച്ഛൻ മറുപടി പറഞ്ഞു.

ഓം ക്രീം കുട്ടിച്ചാത്ത ഇനി കണ്ണുതുറക്ക്

'ഹായ്....മിഠായി!ഇനി നമുക്ക് ഉത്സവത്തിന് പോകാം.

വേഗം അമ്മയോട് റെഡിയായി വരാൻ പറ.

അമ്മ വേണ്ട നമുക്ക് തന്നെ പോകാം.

എന്നാൽ ശരി

അവർ ഉത്സവപ്പറമ്പിൽ എത്തി നിറയെ താള വാദ്യങ്ങൾ ശബ്ദം പുറപ്പെടുവിക്കുന്നു. പറമ്പ് ആകെ ജനം കീഴടക്കിയിരിക്കുന്നു അവർ രണ്ടുമൂന്ന് സാധനങ്ങളും വാങ്ങി നടക്കുമ്പോൾ അത് നെറ്റിപ്പട്ടം കെട്ടി പാറ പോലെ ആനകൾ വരിവരിയായി നിൽക്കുന്നു. പെട്ടെന്നായിരുന്നു അത് ഞെട്ടി ഉണർന്നു

അമ്മേ എനിക്ക് അച്ഛനെ കാണണം അവൾ ചിണുങ്ങി

അച്ഛൻ നാളെ വരും. അമ്മ അവളെ സമാധാനിപ്പിച്ചു

അമ്മുവിന്റെ അച്ഛൻ ഒരു വർഷം മുൻപ് ഉണ്ടായ ഉത്സവപ്പറമ്പിലെ ബോംബ് അപകടത്തിൽ മരിച്ചതാണ്.

കുറെ നാളായി അമ്മ അവളെ അച്ഛൻ നാളെ വരുമെന്ന് പറഞ്ഞ് പറ്റിക്കാൻ തുടങ്ങിയിട്ട്.

അച്ഛനോടൊപ്പം ഉള്ള ഓരോ നിമിഷവും അവളുടെ ഉള്ളിൽ വിങ്ങലാണ്.

രാത്രിയുടെ കോടമഞ്ഞ് അവളെ തലോടി.

നാളെ. ...നാളെ..അവൾ മന്ത്രിക്കുകയാണ്.

**മറിയം എലിസബത്ത് എൽദോ (VI B)**






**Ardra Arun (III C)**





**Abel Nelson Varghese (III B)**

<ins>കവിത</ins>



മുറ്റം നിറയെ പൂമ്പാറ്റ

പൂവുകൾ നിറയെ പൂമ്പാറ്റ

കൂട്ടുകൂടി കളിച്ചിടാം

ആർത്തു പാടി രസിച്ചിടാൻ

കൂട്ടിനുണ്ട് പൂമ്പാറ്റ

**ഹന്ന മരിയ ആന്റണി (II B)**




**Johns Shaju (VII B)**




**Rose Mariya Joseph (V C)**

<u>**യാത്രാ വിവരണം**</u>

# എന്റെ ഒന്നാം ക്ലാസിലെ പഠന യാത്ര

ഇന്ന് വളരെ സന്തോഷത്തോടെയാണ് ഞാൻ എഴുന്നേറ്റത്. ഞങ്ങൾ ടൂർ പോകുകയാണ്. രാവിലെ അഞ്ചുമണിക്ക് തന്നെ എഴുന്നേറ്റു കുളിച്ച് റെഡിയായി 5. 30 ആയപ്പോൾ അപ്പായിന്റെ ഓട്ടോയ്ക്ക് ഞാനും അമ്മയും അല്ലുവും കൂടി സ്കൂളിലേക്ക് പോയി.എനിക്ക് നന്നായി തണുക്കുന്നുണ്ടായിരുന്നു.

സ്കൂൾ മുറ്റത്ത് ബസ് വന്ന് കിടപ്പുണ്ടായിരുന്നു. കൂട്ടുകാരെല്ലാം വന്നിട്ട് ടീച്ചർ പേര് വിളിച്ചു. ഞങ്ങളെ ബസ്സിൽ കയറ്റി യാത്ര തുടങ്ങി. ബസ്സിൽ പാട്ട് വെച്ചു ഞങ്ങളെല്ലാം പാട്ടു പാടി ഡാൻസ് കളിച്ചു.

കുറച്ചുകഴിഞ്ഞ് പെരുമണ്ണ്എന്ന സ്ഥലത്ത് ഭക്ഷണം കഴിക്കാൻ ഇറങ്ങി. അവിടെ ഒരു അമ്പലമുണ്ട്. അമ്പലത്തിനടുത്ത് പുഴയിൽ വലിയ മീനുകൾ ഉണ്ട്.ആ മീനുകൾക്ക് ഞാനും ദേവനന്ദും അജ്വയും തീറ്റ കൊടുത്തു. എന്തോരം മീനുകൾ ആണെന്ന് അറിയാമോ!

പിന്നെ ബസ്സിൽ കയറി കുറച്ചു കഴിഞ്ഞ് പറശ്ശിനിക്കടവ് അമ്പലത്തിൽ എത്തി.

അവിടുത്തെ കളിപ്പാട്ടങ്ങൾക്കിടയിൽ നിന്ന് രണ്ടുമൂന്നു കളിപ്പാട്ടങ്ങൾ എനിക്കും അല്ലുവിനും അമ്മ വാങ്ങിത്തന്നു.

വലിയൊരു പുഴയും കണ്ടു. ബോട്ട് സവാരി ഒക്കെ അവിടെ ഉണ്ട് ഞങ്ങൾ അങ്ങോട്ട് പോയില്ല. അവിടുന്ന് നേരെ വിസ്മയ പാർക്കിലേക്കാണെന്ന് അമ്മ പറഞ്ഞു. പാർക്കിലെത്തി.

ഹായ്. എന്തോരം റൈഡുകളാണ് ഇവിടെ. ഞാനും കൂട്ടുകാരും കളി തുടങ്ങി ഓരോ റൈഡുകളിലും കയറി കളി തുടങ്ങി.

അല്ലു എന്റെ കയ്യും പിടിച്ച് പുറകെ തന്നെ ഉണ്ട്. അല്ലു. എന്റെ അനിയനാണേ. മൂന്നു വയസ്സേ ഒള്ളൂ ഒരു വികൃതിക്കുട്ടനാണ് അവൻ. കളിച്ചു മടുത്തപ്പോൾ ടീച്ചർ ഭക്ഷണം കഴിക്കാൻ വിളിച്ചു.

ഫ്രൈഡ് റൈസ് ആണ് കഴിച്ചത്.പിന്നെ പൂളിൽ നീന്തി കളിയായിരുന്നു. വിസ്മയ പാർക്ക് എനിക്ക് ഒത്തിരി ഒത്തിരി ഇഷ്ടമായി.

പിന്നെ പയ്യാമ്പലം ബീച്ചിലേക്കാണ് പോയത്. ഞങ്ങൾ മണലിൽ കളി തുടങ്ങി.

കുറേനേരം പട്ടം പറത്തി കളിച്ചു. ഐസ്ക്രീം വാങ്ങിത്തന്നു അവിടത്തെ പാർക്കിൽ കുറെ നേരം ചാടി കളിച്ചു.രാത്രിയാകാൻ തുടങ്ങി ഞങ്ങൾ ഭക്ഷണം കഴിക്കാൻ പോയി. വഴിയരികിൽ എല്ലാവരും കൂടി ഇരുന്നാണ് ഭക്ഷണം കഴിച്ചത്. നല്ല രസമായിരുന്നു

തിരിച്ച് വീട്ടിലേക്ക് പോകാൻ എല്ലാവരും ബസ്സിൽ കയറി. കുറച്ചുനേരം ബസ്സിലെ സിനിമ കണ്ടിരുന്നു. എനിക്ക് ഉറക്കം വന്നു. അല്ലു നേരത്തെ ഉറക്കം തുടങ്ങിയിരുന്നു. തിരികെ സ്കൂളിലെത്തിയപ്പോൾ അമ്മ വിളിക്കുമ്പോൾ ആണ് ഞാൻ കണ്ണുതുറന്നത്. അപ്പായി ഞങ്ങളെയും കാത്ത് സ്കൂളിൽ ഉണ്ടായിരുന്നു. അടിപൊളി യാത്രയായിരുന്നു. എനിക്ക് വളരെ സന്തോഷമായി.

**ആൻറിയ ബിജു (I B)**






Christy P Varun (V A)




Irin Theresa ( V B )

**കവിത**

# ഒരു വിഷുദിനത്തിൽ

ഇന്ന് നേരം അസ്തമിച്ചുവോ?
ഹാ... ആശ്വാസമായി നിശ്വാസം
മുൾമുനയിൽ നിന്നോരാ നിമിഷങ്ങൾ
അണപൊട്ടി ഒഴുകിയ കണ്ണീർ തടങ്ങൾ

കേൾക്കുന്നില്ല ഘന ഗംഭീര ശബ്ദം
നോവുന്നില്ല രണ്ടു കുഞ്ഞുമനങ്ങൾ
ആഘോഷിക്കുന്നു തോഴരൊത്ത്.
ആശ്വസിപ്പിക്കാത്ത ആരുമില്ലാതെ ഞാനും.

എന്തൊരു കാലം കലികാലമോ
സ്നേഹിക്കാൻ മറന്നു പോകുന്നു പരസ്പരം
പണിയുന്നു ഞാൻ വെറും ചില്ല് കൊട്ടാരങ്ങൾ
വരും കാറ്റിൻ അടിതെറ്റു വീഴും സ്വപ്ന കൊട്ടാരം.

തട്ടി മറിഞ്ഞൊരാൾ പായസ പാത്രം പോൽ
പൊട്ടിയമരുന്നു എൻ മനവും
ഇനി വേണ്ട ഇതുപോലൊരു വിഷു കണി കാണേണ്ട
കലിമുഖങ്ങൾ കൈകോർത്തിരിക്കാം മനം ചേർന്നിരിക്കാം
ഒരുമിച്ച് കാണാം ഒരു നല്ല സ്വപ്നം
ഒരുമയുടെ വിഷു സ്വപ്നം.

**ദിയ ബിദേഷ് (VII B)**






**Gracious Tom Jose (V A)**



<u>**കവിത**</u>

## പ്രകൃതിയുടെ നന്മ

ദൈവത്തിൻ വരദാനമല്ലോ പ്രകൃതി,
അതിൻ കണികകളല്ലോ നാമെല്ലാം.
മലകൾ പുഴകൾ മാമരങ്ങൾ പക്ഷിമൃഗാദികൾ
കാണാൻ എന്തൊരു ഭംഗി.

പച്ചപ്പട്ടു പുതച്ചു കിടക്കും
സുന്ദരമല്ലോ നമ്മുടെ പ്രകൃതി
പ്രകൃതി എന്ന മഹാത്ഭുതം
ഒന്നൊന്നായി തീരുമ്പോൾ
ഇവ നിലനിർത്താനായി കൈകോർക്കുക നാം
പ്രകൃതി സ്വത്ത് മരങ്ങളെ നാം സംരക്ഷിച്ചാൽ
ദു ഃഖിക്കേണ്ട ജീവികൾ തൻ പാർപ്പിടമല്ലോ.

**അലോണ മരിയ ജോഷി (V B)**





Anviya Anju Raj (IV C)



Sreedaya Sajeev (III B)



Blessvin T Binoy ( III B )

**<u>കവിത</u>**

# കടൽ

കടലിന് നീല നിറമുണ്ട്
ഓടിനടക്കും തിരയുണ്ട്
ചാടി കളിക്കും മീനുണ്ട്
മിന്നിത്തിളങ്ങും മണലുണ്ട്
വീശിയടിക്കും കാറ്റുണ്ട്
കാണാൻ നല്ലൊരു ചേലുണ്ട്.

**ആഗ്നേയ ധനേഷ് (III C)**





Christy Varun (V A)

Sivaranjini V S (IV C)





Arshith E S ( III B )

Neelisha Vimal (IV B)

**കഥ**

# കുട്ടുവിന്റെ ശത്രു

ഒരിടത്ത് കുട്ടു എന്ന് പേരുള്ള ഒരു കണ്ടൻ ഉണ്ടായിരുന്നു മീനാണ് അവന് പ്രിയപ്പെട്ട ഭക്ഷണം.

ഒരു ദിവസം കുട്ടു ഒരു പുഴ കണ്ടു നിറയെ മീനുകൾ തുള്ളിച്ചാടുന്ന പുഴ . പിറ്റേന്ന് കുട്ടു മീൻ പിടിക്കാൻ പോയി ഏ റെ നേരം ശ്രമിച്ചിട്ടും അവനൊരു മീനിനെ പോലും കിട്ടിയില്ല. അവസാനം ഒരു മുഴുത്ത ഞണ്ടിനെ കിട്ടി കുട്ടുവിന് സന്തോഷമായി.

കുട്ടു ഞണ്ടിനെ ചൂണ്ടയിൽ നിന്നും എടുത്ത് ഒരു പാറയിൽ വച്ചതും പെട്ടെന്ന് എ വിടെനിന്നോ വന്ന ഒരു കാക്ക ഞണ്ടിനെയും എടുത്ത് ഒറ്റ പറക്കൽ കുട്ടുവിനു ദേഷ്യം വന്നു. അവൻ കാക്കയുടെ പുറകെ ഓടി.

കാക്കയുടെ വായിലിരുന്ന ഞണ്ട് കാക്കയെ തന്റെ കാലുകൾ കൊണ്ട് ഇറുക്കി വേദ നയിൽ കാക്ക 'കാ 'എന്ന് കരഞ്ഞതും ഞണ്ട് താഴെ വീണു. താഴെ വീണതും ഞണ്ട് ജീവനും കൊണ്ട് ഒരു പാറക്കുള്ളിൽ ഒളിച്ചു.

അങ്ങനെ കുട്ടുവിനും കാക്കയ്ക്കും ഞണ്ടിനെ കിട്ടിയില്ല. മാത്രമല്ല കാക്ക കുട്ടവന്റെ ശത്രുവുമായി.

അർഹതയില്ലാത്തത് ആഗ്രഹിച്ചാൽ നാം മറ്റുള്ളവരുടെ ശത്രുവായി മാറും.



**ആഗ്നേയ ധനേഷ് (III C)**

<u>പ്രസംഗം</u>

## പരിസ്ഥിതി സംരക്ഷണം: നമ്മുടെ ഭാവി തലമുറയ്ക്കായി

അന്യാധീശന്മാരേ, അധ്യാപകരേ, മാതാപിതാക്കളേ, സഹപാഠികളേ, സുഹൃത്തുക്കളേ, നമസ്കാരം.

നമ്മുടെ ഭൂമി, ഈ നിലഗ്രഹം, ജീവന്റെ താരാഗണം വിളങ്ങുന്ന ഒരു അത്ഭുതലോകമാണ്. ഭൂമിയുടെ സൗന്ദര്യം വർണിക്കാൻ വാക്കുകൾ പോരാ. പച്ചപ്പു നിറഞ്ഞ വനങ്ങൾ, തിളങ്ങുന്ന ജലാശയങ്ങൾ, പൂക്കളാൽ നിറഞ്ഞ പുൽമേടുകൾ, ആകാശത്തെ തൊടുന്ന മലനിരകൾ ഈ ഭൂമി നമുക്ക് അനുഗ്രഹിച്ച അപൂർവ്വമായ ഒരു ആവാസവ്യവസ്ഥയാണ്.

എന്നാൽ മനുഷ്യന്റെ അമിതമായ ഉപഭോഗം, വികസനത്തിന്റെ പേരിൽ നടത്തുന്ന അശ്രദ്ധ, ഭൗതികവാദത്തിന്റെ അടിമത്വം ഇവയെല്ലാം ഈ ഗ്രഹത്തെ അപകടത്തിലാക്കുന്നു. വനനശീകരണം വ്യാപകമായിരിക്കുന്നു. കാർഷിക ഭൂമി കെട്ടിടങ്ങളാൽ മൂടപ്പെടുന്നു. പ്ലാസ്റ്റിക് മാലിന്യങ്ങൾ കടലിലും നദികളിലും നിറയുന്നു. വായു മലിനികരണം ശ്വാസം മുട്ടിക്കുന്നു. കാലാവസ്ഥാ വ്യതിയാനം ഭീതിജനകമായ രൂപം ധരിക്കുന്നു.

ഹിമാനികൾ ഉരുകുന്നു, കടൽനിരപ്പ് ഉയരുന്നു, കൊടും കാറ്റും പ്രളയവും പതിവാകുന്നു. കൃഷിയിൽ ഉപയോഗിക്കുന്ന രാസവളങ്ങളും കീടനാശിനികളും മണ്ണിനെ മലിനമാക്കുന്നു. ജലസ്രോതസ്സുകൾ വറ്റിവരണ്ടു പോകുന്നു. ജീവജാലങ്ങൾക്ക് അതിജീവിക്കാൻ ബുദ്ധിമുട്ട് നേരിടുന്നു.

ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ടത് അത്യാവശ്യമാണ്. ഓരോരുത്തർക്കും ഈ കാര്യത്തിൽ വലിയ പങ്കുവഹിക്കാനാകും. മരം നടുക, പ്ലാസ്റ്റിക് ഉപയോഗം പരമാവധി കുറയ്ക്കുക, ജലം ലാഭിക്കുക, ഊർജ്ജ സംരക്ഷണം, പുനരുപയോഗിക്കാവുന്ന ഉൽപ്പന്നങ്ങൾ ഉപയോഗിക്കുക, ജൈവവളം ഉപയോഗിക്കുക ഇവ ചില ചെറിയ പക്ഷേ പ്രധാനപ്പെട്ട പടികളാണ്.

സർക്കാർ തലത്തിൽ, പരിസ്ഥിതി സംരക്ഷണ നിയമങ്ങൾ കർശനമായി നടപ്പിലാക്കുക, പുനരുദ്ധാരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുക, പരിസ്ഥിതി സൗഹൃദ സാങ്കേതികവിദ്യകൾ പ്രോത്സാഹിപ്പിക്കുക തുടങ്ങിയ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

നമ്മുടെ ഭാവി തലമുറകൾക്ക് ഒരു സുരക്ഷിതവും സുന്ദരവുമായ ഗ്രഹം കൈമാറേണ്ടത് നമ്മുടെ കടമയാണ്. പരിസ്ഥിതി സംരക്ഷണം എന്നത് വെറും ഒരു പ്രശ്നമല്ല, അത് നമ്മുടെ ജീവിതരീതിയായി മാറണം.

നന്ദി.

**എവ്ലിൻ റോസ് ജിനിഷ് (VII B)**



**Irin Theresa (V B)**




**Anaive Joseph (III B)**



**Dhyan Bidesh (III B)**



**Julius Francis (V B)**



**Diya Bidesh (VII B)**

## സാഹിത്യ ക്വിസ്

1. മലയാളത്തിലെ ആദ്യത്തെ ചെറുകഥ ഏത്?
2. 'കുറ്റി പെൻസിൽ' എഴുതിയതാര്?
3. 'മാവേലി നാടുവാണീടും കാലം മനുഷ്യരെല്ലാരും' ഒന്നുപോലെ ഇത് ആരുടെ വരികൾ?
4. മലയാള ഭാഷയുടെ പിതാവ്?
5. മലയാളത്തിലെ ആദ്യത്തെ നിഘണ്ടു തയ്യാറാക്കിയതാര്?
6. കഥകളിയുടെ സാഹിത്യ രൂപം ഏത്?
7. മലയാള അച്ചടിയുടെ പിതാവ്?
8. അരങ്ങു കാണാത്ത നടൻ ആരുടെ ആത്മകഥയാണ്?
9. നൈനിറ്റാൾ പശ്ചാത്തലമാക്കി എംടി വാസുദേവൻ നായർ രചിച്ച നോവൽ ഏത്?
10. നോബൽ സമ്മാനം നേടിയ ആദ്യ ഭാരതീയൻ?
11. യുനെസ്കോയുടെ സാഹിത്യ നഗരം എന്ന പദവി ലഭിച്ച ഇന്ത്യയിലെ ആദ്യ നഗരം?
12. ലോക പുസ്തക ദിനം?
13. മലയാള സാഹിത്യത്തിലെ ആദ്യ മഹാകവി?
14. ബാലമുരളി എന്ന തൂലികാനാമത്തിൽ ആദ്യകാലത്ത് രചനകൾ നടത്തിയിരുന്ന വ്യക്തി?
15. കേരള സാഹിത്യ അക്കാദമിയുടെ മുഖപത്രം?

ഉത്തരങ്ങൾ

1 വാസന വികൃതി , 2 കുഞ്ഞുണ്ണി മാഷ്, 3 സഹോദരൻ അയ്യപ്പൻ
4 തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻ, 5ഹെർമൻ ഗുണ്ടർട്ട്
6 ആട്ടക്കഥ, 7ബെഞ്ചമിൻ ബെയ്‌ലി, 8 തിക്കോടിയൻ, 9മഞ്ഞ്
10 രവീന്ദ്രനാഥ ടാഗോർ, 11കോഴിക്കോട്, 12 ഏപ്രിൽ 23
13 ചെറുശ്ശേരി. 14 ഒ എൻ വി കുറുപ്പ്, 15 സാഹിത്യ ലോകം.

**Christo Jimmy (VI B)**



Sivaranjini V S (IV C)



Digna Mariya Joby (VII C)



Christy Fransis (V B)


മഞ്ഞളാംപുറം യു.പി.സ്കൂൾ
സ്ഥാപിതം 1950
കേളകം
പ്ലാറ്റിനം ജൂബിലി 2025
Estd. 1950
MANHALAMPURAM U.P. SCHOOL
KELAKAM
തമസോമ ജ്യോതിർഗമയ